പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 119* 08.02.2013 -ൽ മറുപടിക്ക്

## റോഡ് വികസനത്തിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. എ.കെ.ബാലൻ<br>ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) സാമ്പത്തിക ബാദ്ധ്യത മൂലം റോഡുകളുടെ വികസന പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും നിർത്തി വയ്ക്കേണ്ട അവസ്ഥ ഉണ്ടായിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ എന്തു തുക കൊടുത്തു തീർക്കാനുണ്ടെന്ന് അറിയിക്കുമോ ; | (ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2012 നവംബർ മാസത്തെ കണക്കനുസരിച്ച് 91.58 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ 4,77,42,509/- രൂപ കൊടുത്തു തീർക്കാനുണ്ട്. |
| (സി) സംസ്ഥാനത്തെ റോഡു വികസന പ്രവർത്തനങ്ങളിൽ നിന്ന് ദേശീയപാത അതോറിറ്റി പിൻ-വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലം സംസ്ഥാന സർക്കാരിന് അധിക ബാദ്ധ്യതകൾ വന്നിട്ടുണ്ടോ; ദേശീയ പാതാ വികസന പ്രവർത്തനങ്ങൾ സ്തംഭിക്കാൻ സാദ്ധ്യതയുണ്ടോ ; വിശദമാക്കുമോ ? | (സി) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ദേശീയാപാത വികസന അതോറിറ്റിയിൽ നിന്നോ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നോ ഒരറിയിപ്പും ഇതേവരെ ലഭ്യമായിട്ടില്ല.<br>ദേശീയ പാതാ വികസനത്തിനാവശ്യമായ സ്ഥലമെടുപ്പിന് വിവിധ മേഖലകളിൽ പ്രാദേശികമായ എതിർപ്പുകൾ ഉണ്ടായിട്ടുണ്ട്. സ്ഥലമെടുപ്പിന് ജനങ്ങളുടെ സഹകരണം ഉണ്ടാകുന്നില്ലെങ്കിൽ ദേശീയ പാതാ വികസനത്തെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയുണ്ട്. |

സെക്ഷൻ ഓഫീസർ